# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 10 | 2022 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-3


ഫോൺ : 04735-202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com


# ശബരിമല തീർത്ഥാടനം: കാനന പാത വഴിയുള്ള തീർത്ഥാടന സമയം ദീർഘിപ്പിച്ചു

കാനനപാതയുടെ നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലും മകരവിളക്കുമായി ബന്ധപ്പെട്ട് എരുമേലി ചന്ദനക്കുടം, പേട്ട തുള്ളൽ എന്നിവ പരിഗണിച്ചും തീർത്ഥാടകരുടെ എണ്ണത്തിൽ വരുന്ന വർധനവ് കണക്കിലെടുത്തും വനം-പോലീസ് വകുപ്പുമായി ചർച്ച ചെയ്ത ശേഷം എല്ലാ മുൻകരുതലുകളും സ്വീകരിച്ച് കാനനപാത വഴിയുള്ള തീർത്ഥാടന സമയം വർധിപ്പിച്ച് ജില്ല കളക്ടർ ഉത്തരവായി. എരുമേലി കോയിക്കൽ വഴി രാവിലെ 5.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയും അഴുത വഴി രാവിലെ 7 മണിമുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെയും മുക്കുഴി വഴി രാവിലെ 7 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെയും പ്രവേശനം ക്രമീകരിച്ചു.

# മകരവിളക്ക് ഉത്സവം: മുന്നൊരുക്കങ്ങൾ തൃപ്തികരം - ജില്ലാ കളക്ടർ

മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങൾ തൃപ്തികരമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ പറഞ്ഞു. മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്താൻ കളക്ടറേറ്റിൽ ചേർന്ന യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

തിരുവാഭരണ ഘോഷയാത്രയോട് അനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളും പൂർത്തിയായി. മകരജ്യോതി ദർശിക്കുന്ന സ്ഥലങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങൾ അവസാന ഘട്ടത്തിലാണ്. കോവിഡ് മാനദണ്ഡങ്ങൾ

പാലിച്ചാണ് തീർഥാടനം ഉറപ്പുവരുത്തിയിട്ടുള്ളത്. ഈ വർഷം ശബരിമല തീർഥാടനത്തിന് ഇതുവരെ 15,52,227 പേർ എത്തിയിട്ടു ്. കാനനപാതയിലൂടെ മാത്രം 18,375 പേർ സന്നിധാനത്തെത്തി. തീർഥാടകരുടെ വർധനവ് കണക്കിലെടുത്ത് കാനനപാത വഴിയുള്ള തീർഥാടന സമയം പുന:ക്രമീകരിച്ചിട്ടു ്. എരുമേലി കോയിക്കൽ വഴി രാവിലെ 5:30 മുതൽ ഉച്ചക്ക് 1.30 വരെയും അഴുത, മുക്കുഴി കാനനപാതകളിലൂടെ രാവിലെ ഏഴു മുതൽ വൈകിട്ട് മൂന്നു വരെയുമാണ് തീർഥാടകരെ കയറ്റി വിടുക.
പോലീസ് സുരക്ഷ ഉറപ്പാക്കും. മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതായി ദേവസ്വം ബോർഡ് അറിയിച്ചു. മകരജ്യോതി ദർശിക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളം ഉറപ്പാക്കും. പ ിത്താവളത്തിൽ പുതുതായി 240 ടോയ്‌ലറ്റുകൾ സ്ഥാപിക്കും. ബാരിക്കേഡുകൾ സ്ഥാപിക്കുന്നത് 13 ന് പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കും. കെഎസ്ആർടിസി അധിക ബസ് സർവീസുകൾ നടത്തും. 300 ബസുകൾ ചെയിൻ സർവീസും 400 ബസുകൾ ദീർഘദൂര സർവീസും നടത്തും. ജ്യോതി ദർശിക്കുന്ന ഒൻപതു സ്ഥലങ്ങളിൽ ആരോഗ്യ വകുപ്പ് ആംബുലൻസ് സൗകര്യം ഒരുക്കും. ഫയർഫോഴ്സ് 124 ഉദ്യോഗസ്ഥരെ അധികമായി നിയമിച്ചിട്ടു ്. എല്ലാ വകുപ്പുകളും ഒന്നിച്ചു ചേർന്ന് പ്രവർത്തിക്കണമെന്നും കളക്ടർ പറഞ്ഞു.
ജില്ലാ പോലീസ് മേധാവി സ്വപ്നിൽ മധുകർ മഹാജൻ, ശബരിമല എഡിഎം അർജുൻപാണ്ഡ്യൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്: ശബരിമല -
മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്താൻ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ ഡോ.ദിവ്യ എസ് അയ്യർ സംസാരിക്കുന്നു.ജില്ലാ പോലീസ് മേധാവി സ്വപ്നിൽ മധുകർ മഹാജൻ,ശബരിമല എഡിഎം അർജുൻപാണ്ഡ്യൻ എന്നിവർ സമീപം.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.